No.CEE/2601/ PG Ayurveda/2020/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## പി.ജി ആയൂർവേദ/ഹോമിയോ കോഴ്സുകളിലേയ്ക്കുള്ളപ്രവേശനം-2020 ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിക്കുന്നു.

2020–21 അദ്ധ്യയനവർഷത്തെ പി.ജി ആയൂർവേദ/ഹോമിയോ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഓൺലൈനായി 03.01.2021 വരെ അപേക്ഷാ സമർപ്പിക്കാവുന്നതാണ്. അപേക്ഷാ സമർപ്പണം പൂർത്തിയാകുന്നതിനനുസരിച്ച് ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നതാണ്. ആയിനാൽ ഓൺലൈൻ അപേക്ഷയുടെ അവസാന ഘട്ടം(കൺഫർമേഷൻ പേജ് ലഭ്യമാകുന്ന ഘട്ടം) പൂർത്തീകരിക്കപ്പെടുമ്പോൾ മാത്രമായിരിക്കും ഓപ്ഷൻ രജിസ്റ്റർ ചെയ്യാനുള്ള ലിങ്ക് അപേക്ഷകന് പോർട്ടലിൽ ലഭ്യമാകുക. ആയൂർവേദ/ഹോമിയോ കോഴ്സുകളുടെ കേന്ദ്രീകൃത അലോട്ട്മെന്റിനായുള്ള ഒന്നാം ഘട്ട ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം 01.01.2021 മുതൽ 05.01.2021 രാവിലെ 11.00 മണി വരെയാണ്. പി.ജി ആയൂർവേദ/ഹോമിയോ കോഴ്സിന് അപേക്ഷ സമർപ്പിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഓപ്ഷൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. എന്നാൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവർക്ക് മാത്രമായിരിക്കും പ്രവേശനത്തിനുള്ള അർഹത ഉണ്ടായിരിക്കുന്നത്. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്താതെയാണ് ഓപ്ഷൻ രജിസ്ട്രേഷനുള്ള സൗകര്യം നൽകിയിരിക്കുന്നത്. ആയതിനാൽ വിദ്യാർത്ഥികൾ ഓപ്ഷൻ നൽകുന്ന സമയത്ത് വിജ്ഞാപനത്തിൽ നൽകിയിട്ടുള്ള വിവരങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റായ www.cee.kerala.gov.in കാണുക.

ഹെൽപ്പ് ലൈൻ നമ്പർ: 0471 2525300

തിരുവനന്തപുരം
01. 01.2021

പ്രവേശന പരീക്ഷാ കമ്മീഷണർ